Mr. J. John Kattakayam : ഇങ്ങിനെ പോക്കുവരവു സംബന്ധിച്ചു ധാരാളം കേസുകൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുവാനുള്ള കാരണമെന്താണു?

Mr. K. N. Kesava Pillai : അങ്ങിനെയുള്ള കേസുകളധികമില്ല.

Mr. J. John Kattakayam : ഉള്ളതെങ്കിലും കുറവു ചെയ്യുന്ന കാര്യത്തിൽ പ്രത്യേകം നിഷ്കർഷിക്കാമോ?

Mr. K. N. Kesava Pillai : നിഷ്കർഷിക്കാം.

Mr. J. John Kattakayam : പോക്കുവരവു നേരത്തെ ചെയ്യാത്തതു നിമിത്തം വസ്തുഉടമസ്ഥന്മാരറിയാതെ വസ്തുക്കൾ ലേലത്തിൽ പോയിട്ടുള്ളതായിട്ടു മെമ്പക്കറിയാമോ?

Mr. K. N. Kesava Pillai : അറിവില്ല.

Mr. J. John Kattakayam : വസ്തു കൈമാറ്റത്തിനുശേഷം പോക്കുവരവു ചെയ്യാത്തതുകൊണ്ടു ഇപ്പോൾ വസ്തുഉടമസ്ഥന്മാക്കുതന്നെ നോട്ടീസ് കൊടുത്തുവരുന്നുണ്ടോ?

Mr. K. N. Kesava Pillai : കൊടുത്തുവരുന്നില്ല, കൊടുക്കുവാൻ നിവൃത്തിയുമില്ല.

Mr. J. John Kattakayam : വളരെ ദൂരത്തിൽ താമസിക്കുന്ന വസ്തുഉടമസ്ഥന്മാക്കു പോക്കുവരവു സമയാസമയത്തു ചെയ്യാത്തതു നിമിത്തം വളരെ നഷ്ടങ്ങൾ നേരിടുന്നുണ്ടെന്നു മെമ്പക്കറിയാമോ?

Mr. K. N. Kesava Pillai നഷ്ടം വരുന്നുണ്ടായിരിക്കാം.

Mr. J. John Kattakayam : അതിനെ പരിഹരിക്കുവാൻ വല്ല മാർഗ്ഗവുമുണ്ടോ?

President : That is a suggestion, not a supplementary question.

Appointments in the public service since the issue of the communique re appointment of the Public Service Commissioner.

197. ***Mr. J. John Kattakayam :** Will the Government be pleased to lay on the table a statement showing :

(*a*) the number of persons with three years' acting service in each department at the time when the press communique regarding the appointment of the Public Service Commissioner was issued ;

(*b*) the number appointed as acting in permanent vacancies at that time ;

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

(*c*) their service, caste and religion ;

(*d*) the number made permanent from among the above two sets ;

(*e*) the number of new appointments made in each department since the issue of the above communique ; and

(*f*) their caste and religion ?

Rao Bahadur Dr. N. Kunjan Pillai : Government consider that the time and labour involved in collecting the statistics will be out of all proportion to their possible utility.

Mr. J. John Kattakayam : സമീപകാലത്തു് അധികം അക്റ്റിംഗ് നിയമനങ്ങളുണ്ടായിട്ടുള്ളതിനു കാരണം പബ്ളിക് സർവീസു കമ്മീഷണരുടെ നിയമനമല്ലേ?

Rao Bahadur Dr. N. Kunjan Pillai : അങ്ങിനെയാണെന്നു വിചാരിക്കുന്നില്ല.

Mr. J. John Kattakayam : മുൻകാലങ്ങളിലേക്കാൾ കൂടുതൽ അക്ടിംഗ് നിയമനം സമീപകാലത്തുണ്ടായിട്ടില്ലേ?

Rao Bahadur Dr. N. Kunjan Pillai : അതിന്റെ കണക്കെടുത്തിട്ടില്ല.

Mr. J. John Kattakayam : മെംബർതന്നെ ഗവണ്മെൻറിന്റെ മേധാവിയായി ഇരിക്കുന്ന സ്ഥിതിക്കു് ഉദ്ദേശമായിട്ടെങ്കിലും പറയാൻ സാധിക്കുമോ?

Rao Bahadur Dr. N. Kunjan Pillai : കണക്കെടുക്കാത്തതുകൊണ്ടു് അതിനെപ്പറ്റി പറയുവാൻ നിവൃത്തിയില്ല.

Mr. J. John Kattakayam : മുൻചിലതിൽനിന്നും കൂടുതൽ അക്ടിംഗ് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ?

Rao Bahadur Dr. N. Kunjan Pillai : നടന്നിട്ടുണ്ടെന്നതോന്നുന്നില്ല.

Mr. M. N. Paramesvaran Pillai (*Municipal Councils*): May I know whether the Public Service Commissioner has asked for the list of appointments made after the communique ?

Rao Bahadur Dr. N. Kunjan Pillai : No, he has not.

Mr. M. N. Paramesvaran Pillai May I know whether the services of persons appointed after the issue of the Public Service Communique would be counted in service ?

Rao Bahadur Dr. N. Kunjan Pillai : Yes, it will be one of the points for consideration in the selective test.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. P. Varghese (*Nominated*): May I know from the member, with reference to part (*a*) of the question, whether such a list is not kept in the office of the Public Service Commissioner ?

Rao Bahadur Dr. N. Kunjan Pillai: The list is only under preparation and has not been completed.

Hospitals in the State.

108. ***Mr. J. John Kattakayam**: Will the Government be pleased to state whether there are not many Government hospitals and aided hospitals in South Travancore and Central Travancore ?

Vaidya Sastra Kusala Mrs. M. Poonen Lukose (*Ag. Darbar Physician*): The member is referred to the list of hospitals and dispensaries both departmental and aided published in the Travancore Almanac and Directory for 1133, pages 380 to 382.

Mr. J. John Kattakayam: സർക്കാർ ധനസഹായം വാങ്ങിക്കുന്ന വൈദ്യശാലകൾക്കും ആശുപത്രികൾക്കും ഗ്രാൻറ് കൊടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്? ജനസംഖ്യയെ അസ്പദമാക്കിയാണോ, ഗവണ്മെൻറ് ആശുപത്രി അടുത്തുണ്ടോ ഇല്ലയോ എന്നുള്ളതിനെ നോക്കിയാണോ?

Vaidya Sastra Kusala Mrs. M. Poonen Lukose: ഒരു സ്ഥലത്ത് ആശുപത്രിയുടെ ആവശ്യമുണ്ടെന്നു ജനങ്ങൾ അപേക്ഷിക്കയും, അടുത്തൊന്നും സർക്കാർ ആശുപത്രികൾ ഇല്ലാതിരിക്കുകയും ചെയ്താൽ പ്രൈവറ്റ് ആശുപത്രി നടത്തുന്നതിനു ഗ്രാൻറ് കൊടുക്കുന്നതാണ്.

Mr. J. John Kattakayam: ദക്ഷിണ തിരുവിതാംകൂറിൽ ധാരാളം ആശുപത്രികളുണ്ടായിട്ടും ധാരാളം സ്വകാര്യ ആശുപത്രികൾക്കും ഗ്രാൻറ് കൊടുത്തിട്ടില്ലേ?

Vaidya Sastra Kusala Mrs. M. Poonen Lukose: ചില ആശുപത്രികൾക്കു കൊടുത്തിട്ടുണ്ട്.

Mr. J. John Kattakayam: ഉത്തരതിരുവിതാംകൂറിൽ വല്ല സ്ഥലത്തും അങ്ങിനെ കൊടുത്തിട്ടുണ്ടോ?

Vaidya Sastra Kusala Mrs. M. Poonen Lukose ഉത്തരതിരുവിതാംകൂറിനെപ്പറ്റി ഇപ്പോൾ പറയുവാൻ എനിക്കു നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly